" ഭരണഭാഷാ മാതൃഭാഷാ"

# കേരള കാർഷിക സർവ്വകലാശാല

കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനിയറിംഗ് &
ടെക്നോളജി, തവനൂർ – 679573, മലപ്പുറം

ഇ–മെയിൽ: deanengg@kau.in, kcaet@kau.in; ഫോൺ: 0494 2686214

നമ്പർ : സി2–2406/2022 തിയ്യതി : 16.08.2022

## പുനർ ക്വട്ടേഷൻ/ലേലം നോട്ടീസ്

ഈ കോളേജിലെ ഇറിഗേഷൻ ഡ്രൈനേജ് എഞ്ചിനിയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ഹൈഡ്രോളിക്സ് ലാബിലെ ഉപയോഗശൂന്യമായ വസ്തുക്കൾ പുനർ ക്വട്ടേഷൻ/ ലേലം ചെയ്ത് വിൽക്കുന്നതിന് വേണ്ടി താഴെ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

I കാസ്റ്റ് അയേൺ & എംഎസ്

| ക്രമ നമ്പർ | വിൽപ്പനയ്ക്കുള്ള സാധനങ്ങൾ | അളവ് (ഏകദേശം) |
|---|---|---|
| 1 | പമ്പ് സെറ്റിന്റെ ഭാഗങ്ങൾ | 210 കിലോ |
| 2 | ഗിയർ ബോക്സ് – | 82 കിലോ |
| 3 | മോട്ടോർ പാർട്ട്സ് – | 604 കിലോ |
| 4 | മറ്റുള്ളവ | 400 കിലോ |
| | ആകെ | 1296 കിലോ |

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയ്യതി : 23.08.2022 ഉച്ചയ്ക്ക് 2.30 വരെ
ലേലം വിളിക്കുന്ന സമയം : 23.08.2022 ഉച്ചയ്ക്ക് 3.00 മണിക്ക്
ക്വട്ടേഷൻ തുറക്കുന്ന സമയം : 23.8.2022 ലേലത്തിന് ശേഷം

### വ്യവസ്ഥകൾ

1. പുനർ ക്വട്ടേഷനോടൊപ്പം 5000/- രൂപ നിരതദ്രവ്യം പണമായി കെട്ടി വെക്കേണ്ടതാണ്.
2. ലേലം മേൽപ്പറഞ്ഞ തീയ്യതിയിലും സമയത്തിലും നടക്കുന്നതും ശേഷം നിശ്ചിത സമയത്തിനകം ലഭിച്ച ക്വട്ടേഷനുകൾ ഓരോ വിഭാഗത്തിനും തുറക്കുന്നതും ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷനറുടെയോ/ ലേലത്തിൽ പിടിക്കുന്ന വ്യക്തിയുടേയോ പേരിൽ നിരക്ക് തൃപ്തികരമാണെന്ന് തോന്നുന്ന പക്ഷം മറ്റു വ്യവസ്ഥകൾക്ക് വിധേയമായി ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്നതുമാണ്.
3. ക്വട്ടേഷനുകൾ സ്വീകരിക്കാത്തവരുടെ നിരതദ്രവ്യം അപ്പോൾ തന്നെ തിരിച്ചു നൽകുന്നതായിരിക്കും.
4. ക്വട്ടേഷൻ/ലേലതുകയ്ക്ക് മേൽ 18 % ജി.എസ്.ടി ചുമത്തുന്നതായിരിക്കും. ക്വട്ടേഷൻ/ലേലം സ്വീകരിച്ചു കഴിഞ്ഞാൽ പ്രസ്തുത വ്യക്തി മൊത്തം ക്വട്ടേഷൻ/ലേല സംഖ്യയും 18 % ജി.എസ്.ടി യും അടങ്ങിയ തുകയുടെ മൂന്നിൽ ഒരു ഭാഗം ഉടൻ കെട്ടി വെക്കേണ്ടതും ബാക്കി തുക 3 ദിവസത്തിനകം അടച്ച് സാധനങ്ങൾ നീക്കം ചെയ്യേണ്ടതും ആണ്.
5. പ്രസ്തുത ദിവസത്തിനകം സാധനങ്ങൾ നീക്കം ചെയ്തില്ലെങ്കിൽ യാതൊരു മുന്നറിയിപ്പും കൂടാതെ തന്നെ സാധനങ്ങൾ പുനർ ലേലം ചെയ്യുന്നതും ക്വട്ടേഷൻകാരൻ/ ലേലക്കാരൻ അടച്ച തുക നിരതദ്രവ്യം ഉൾപ്പെടെ സർവ്വകലാശാലയക്ക് മുതൽകൂട്ടാക്കുന്നതുമാണ്.

6. യാതൊരു കാരണവും കാണിക്കാതെ തന്നെ ക്വട്ടേഷൻ മാറ്റി വെക്കുന്നതിനോ, അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.
7. വിൽപ്പനയ്ക്കുള്ള സാധനങ്ങൾ ഓഫീസ് സമയങ്ങളിൽ ഇറിഗേഷൻ ഡ്രൈനേജ് എഞ്ചിനിയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള ഹൈഡ്രോളിക്സ് ലാബിൽ പരിശോധിക്കാവുന്നതാണ്.
8. ക്വട്ടേഷൻ/ലേലക്കാരൻ ഓഫീസ് സമയങ്ങളിൽ ഓഫീസ് മേധാവിയുടെ അറിവോടും സമ്മതത്തോടും കൂടി മാത്രം സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്.
9. ക്വട്ടേഷൻ/ലേല നിബന്ധനകൾ ലംഘിക്കുന്നവരുടെ നിരതദ്രവ്യം കാർഷിക സർവ്വകലാശാലയ്ക്ക് മുതൽ കൂട്ടാക്കുന്നതായിരിക്കും.
10. നിശ്ചിത തിയ്യതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
11. സർക്കാർ ക്വട്ടേഷന്റെ/ലേലത്തിന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി (ഫോൺ നമ്പർ : 0494 2686214) ബന്ധപ്പെടേണ്ടതാണ്.

(ഒപ്പ്)
ഡോ.സത്യൻ.കെ.കെ
ഡീൻ ഓഫ് ഫാക്കൽറ്റി (അഗ്രി. എഞ്ചി.)

സ്വീകർത്താവ് :

തവനൂർ ഗ്രാമപഞ്ചായത്ത്/ നോട്ടീസ് ബോർഡ്
വില്ലേജ് ഓഫീസ് തവനൂർ/ നോട്ടീസ് ബോർഡ്
ഓഫീസ് നോട്ടീസ് ബോർഡ്/ ഗെയ്റ്റ്
സെക്ഷൻ ഓഫീസർ ബി/ സ്റ്റോക്ക് ഫയൽ

//അംഗീകാരത്തോടെ അയക്കുന്നത്//

സെക്ഷൻ ഓഫീസർ